# അക്കാദമിക

# മാസ്റ്റർ പ്ലാൻ

**ചക്കമല എൽ.പി.എസ്സ്**

# ആമുഖം

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിൽ ചിതറ പഞ്ചായത്തിലെ കിഴിത്തട്ട് വാർഡിലാണ് ചക്കമല എൽ.പി.എസ് സ്ഥിതി ചെയ്യുന്നത്. പുന്നപ്രവയലാർ സമരക്കാർക്ക് സർക്കാർ പതിച്ചു നൽകിയ ഈ പ്രദേശത്ത് കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും അവസരമില്ലാതിരുന്ന കാലഘട്ടത്തിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന എസ്. രാജേന്ദ്രൻ ആദ്യ വനിതാപ്രസിഡന്റായിരുന്ന ശ്രീമതി സുമതിയും നാട്ടുകാരും നൂറുകണക്കിന് ആളുകളുടെ നിരന്തര പരിശ്രമ ഫലമായി 1979 ആഗസ്റ്റ് 2ന് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകരാണ് ഇപ്പോൾ ഈ വിദ്യാലയത്തിലുള്ളത്. ഈ അധ്യയനവർഷത്തിൽ 24 കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. കൂടുതൽ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനായി വിവിധങ്ങളും ആകർഷകങ്ങളുമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

I

| DAYS | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| Monday | Malayalam | Malayalam | English | English | Maths | Maths | PT | Art |
| Tuesday | Maths | Maths | English | English | Malayalam | Malayalam | Workbook | Library |
| Wednesday | English | English | Malayalam | Malayalam | Activity time | Activity time | Art | WE |
| Thursday | Malayalam | Malayalam | Workbook | Workbook | Maths | Maths | Playbox | Creativity time |
| Friday | Malayalam | Malayalam | English | English | Maths | Maths | ECA | ECA |

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൽ. പി. എസ് ചിങ്ങേലി |
| വിദ്യാലയത്തിന്റെ കോഡ് | : | 40210 |
| പഞ്ചായത്ത് | : | ചിതറ |
| ഉപജില്ല | : | ചടയമംഗലം |
| ബി. ആർ. സി | : | ചടയമംഗലം |
| വിദ്യാഭ്യാസജില്ല | : | പുനലൂർ |
| ജില്ല | : | കൊല്ലം |
| സംസ്ഥാനം | : | കേരളം |
| പിൻകോഡ് | : | 695562 |
| ഫോൺ നമ്പർ | : | |
| ഇമെയിൽ | : | |

സാമഗ്രികളും ഉണ്ടാക്കുവാൻ വേണ്ടി വാങ്ങുകയും ചെയ്തു
ന്റെ ഫലമായി ഈ പ്രദേശത്തെ ഒന്നാംതരം വരെ
ക്ലാസുകളും കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുകയും ചെയ്തു.
നിലവിൽ ഈ പ്രദേശത്തുള്ള എല്ലാ കുട്ടികളെയും
ഈ സ്കൂളിൽ ~~ചേർക്കു~~ന്നതിനായി അധ്യാപകർ ശ്രമിക്കു
കയും ചെയ്തു. ആദ്യ കാലങ്ങളിൽ ഈ സ്കൂളിൽ പഠിച്ചിരുന്ന
പലരും സർക്കാർ ജോലികളിലും മറ്റും പ്രവേശിച്ചതിലൂടെ
മെച്ചപ്പെട്ട ജീവിത സാഹചര്യം നേടി അവരെല്ലാവരും
ഈ പ്രദേശം വിട്ടുപോയതിനാൽ പൂർവ്വവിദ്യാർത്ഥികളുടെ
ആയ സഹായങ്ങളൊന്നും വലിയ തോതിലാണ് എങ്കിലും
അവിടെ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ സ്കൂളിലെ
പ്രവർത്തനങ്ങളുമായി സഹകരിക്കുന്നവരാണ്. ഈ
വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി
പാഠപുസ്തകത്തിലുപരി കുട്ടികളെ എഴുത്തും വായനയും
അറിയുന്നവരാക്കണം എന്ന ഉദ്ദേശ്യത്തോടെ സ്കൂൾ
സമയത്തിന് മുൻപും അതിനു ശേഷവും ദിനംതോറും
ആയി പരിഹാരബോധനം നടത്തി വരുന്നു.

# സ്കൂൾ ചരിത്രം

പുന്നപ്ര വയലാർ സമരസേനാനികൾക്ക് സർക്കാർ വസ്തുക്കൾ നൽകിയപ്പോൾ ചേർത്തല ഭാഗത്തും മറ്റുമായുള്ള ആളുകൾക്ക് ചക്കമല എന്ന ഉൾപ്രദേശത്ത് വനഭൂമി പതിച്ചു നൽകി. അവർ അവിടെ എത്തി തരിശുഭൂമി കാടുവെട്ടിത്തെളിച്ച് കൃഷി ചെയ്യാൻ ആരംഭിച്ചു. എന്നാൽ ആ പ്രദേശത്ത് വാഹനസൗകര്യമോ ജനങ്ങൾക്ക് ജീവിതത്തിനുതകുന്ന യാതൊരു സൗകര്യമോ ഉണ്ടായിരുന്നില്ല. ആ അവസ്ഥയിൽ അവരിൽ മിക്കവരും ജന്മനാട്ടിലേക്കു തന്നെ മടങ്ങാൻ തീരുമാനിക്കുകയും കിട്ടിയ വിലയ്ക്കു നാട്ടുകാർക്ക് വസ്തു വിറ്റ് മടങ്ങുകയും ചെയ്തു. ആ പ്രദേശത്തു നിന്നും അടുത്ത സ്കൂളിലേക്ക് കുട്ടികളെ അയക്കണമെങ്കിൽ 10km ദൂരമുണ്ട്. ആ അവസ്ഥയിലാണ് ചിതറ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നാട്ടുകാരുടെയും പൊതുപ്രവർത്തകരുടെയും ശ്രമഫലമായി 1976ൽ ചക്കമല എൽ.പി.എസ് പിറവിയെടുത്തു. അക്കാലത്ത് 4km ചുറ്റളവിലുള്ള കുട്ടികളെല്ലാം ഈ സ്കൂളിലാണ് പഠിച്ചിരുന്നത്. എന്നാൽ ക്രമേണ കുട്ടികളുടെ പഠനം, യാത്ര, ജനങ്ങളിലുണ്ടായ സാമ്പത്തിക വളർച്ച എന്നിവ കാരണം പ്രദേശത്തെ ജനങ്ങൾ ഭൂമിയിൽ റബ്ബർകൃഷി ആരംഭിക്കുകയും താമസം മെച്ചപ്പെട്ട ഇടങ്ങളിലേക്കാക്കുകയും ചെയ്തു. സമീപകാലത്തായി സ്കൂൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് തന്നെ ഏതാണ്ട് എട്ടോളം ക്വാറിയൂണിറ്റുകൾ

| DAYS | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| --- | --- | --- | --- | --- | --- | --- | --- | --- |
| Monday | Malayalam | Malayalam | English | English | Maths | Maths | WE | WE |
| Tuesday | English | English | Malayalam | Malayalam | playbox | Maths | Maths | Art |
| Wednesday | Maths | Maths | English | English | Malayalam | Malayalam | Workbook | Workbook |
| Thursday | Malayalam | Malayalam | English | English | Workbook | Workbook | Maths | Maths |
| Friday | English | English | WE | Maths | Maths | English activity | Maths | ECA |

III

| DAYS | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| Monday | English | English | Malayalam | Malayalam | EVS | EVS | Art | Maths |
| Tuesday | EVS | EVS | Maths | Maths | English | English | Malayalam | Malayalam |
| Wednesday | English | English | Malayalam | Malayalam | Maths | Maths | WE | EVS |
| Thursday | Malayalam | Malayalam | English | English | EVS | EVS | Library reading | Readers theatre |
| Friday | Maths | Maths | English | English | EVS | EVS | Malayalam | ECA |

| DAYS | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| Monday | EVS | EVS | Maths | Maths | Malayalam | Malayalam | PT | PT |
| Tuesday | English | English | Malayalam | Malayalam | EVS | EVS | WE | WE |
| Wednesday | Malayalam | Malayalam | English | English | Maths | Maths | IT | IT |
| Thursday | English | English | EVS | EVS | Malayalam | Malayalam | reading time | Library |
| Friday | Malayalam | Malayalam | English | English | Maths | Maths | EVS | ECA |

ശാസ്ത്ര അക്കാദമിക
മാസ്റ്റർ പ്ലാൻ

Std I-IV

ആവശ്യം

* ഒരു കഥ സദസ്സിനു മുന്നിൽ പറയുന്നതിന്
* കുട്ടികൾക്കായി കഥാപുസ്തകങ്ങൾ രക്ഷിതാക്കൾക്ക് വിതരണം ചെയ്യുന്നു.
* കഥയിലെ കഥാപാത്രങ്ങളെ വരച്ച് നിറം നൽകൽ

പരിസരപഠനം

ലക്ഷ്യം ജന്തു - ജന്തുലോകം

* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും
* പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ
* കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക.

ഉപലക്ഷ്യം

* നിരീക്ഷണ പരീക്ഷണങ്ങളിലൂടെ പക്ഷികളുടെ പ്രത്യേകതകൾ ആഹാരരീതി കണ്ടെത്തുന്നതിന്
* പൂക്കൾ നിരീക്ഷിച്ചു തിരിച്ചറിയുന്നതിന്
* വളർത്തു മൃഗങ്ങളെ നിരീക്ഷിക്കൽ

പ്രവർത്തനങ്ങൾ

* പക്ഷികളുടെ ശബ്ദം, തൂവൽ, കൂട് നിരീക്ഷിക്കൽ
* പക്ഷി ആൽബം
* പൂക്കളുടെ നിറം നൽകൽ, പ്രദർശനം, ആൽബം
* വളർത്തു ജീവികളെ നിറം നൽകൽ, വിരൽചിത്രം

ജൂൺ

ഉപലക്ഷ്യങ്ങൾ

* കേട്ട കഥകൾ പറയുന്നതിന്
* കഥകൾ കേട്ട് അധ്യാപികയുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന്
* പരിചയപ്പെട്ട പദങ്ങൾ, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്നതിന്
* പങ്കാളിത്ത പാഠങ്ങൾ രൂപപ്പെടുത്തുന്നതിന്

പ്രവർത്തനങ്ങൾ

* കേട്ട കഥകൾ കൂട്ടുകാരോട് പറയുന്നു
* അധ്യാപകരും രക്ഷിതാക്കളും കുട്ടികൾക്ക് കഥകൾ പറഞ്ഞു കൊടുക്കുന്നു.
* കഥകൾ രൂപീകരണപാഠം കേട്ട് മറുപടി പറയുന്നു.
* ചാർട്ടെഴുത്ത്, ബോർഡെഴുത്ത്

ചുമതല

അധ്യാപിക

ജൂലൈ

* സംയുക്ത ഡയറി എഴുതുന്നതിന്
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതി ചിത്രം വരച്ചു നിറം നൽകുന്നു.
* പരിചയപ്പെട്ട അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതാനും വായിക്കാനും അവസരം

# ആമുഖം

അക്ഷരമധുരം നുകരാൻ വിദ്യാലയത്തിലെത്തുന്ന ഓരോ കുരുന്നും ഞങ്ങൾക്ക് ഏറെ പ്രിയപ്പെട്ടതാണ്. അവരുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ വളർച്ചയോടൊപ്പം നല്ല വ്യക്തിയായി മാറുക എന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടയായി ഒരുക്കി ലക്ഷ്യം കൈവരിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ അധ്യയനവർഷത്തിൽ ഒന്നാം ക്ലാസ് ഒന്നാന്തരം ആക്കുന്നതിന് ഞങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപമാണ് ഇതിൽ കൊടുത്തിരിക്കുന്നത്.

## ഗണിതം

### ലക്ഷ്യം

* ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിവുള്ളവരാകണം
+ ചിത്രങ്ങൾ, കളിപ്രവർത്തനങ്ങൾ എന്നിവയിലൂടെ വസ്തുക്കൾ എണ്ണിയെടുക്കുന്നതിനും കൂടുതൽ ആശയങ്ങൾ അറിയുന്നതിനും.

### ജൂൺ

മഞ്ചാടിസഞ്ചിയിലുള്ള സാധനങ്ങൾ തരംതിരിച്ച് കൂടുതൽ/ കുറവ് /വലുത് / ചെറുത് എന്നിവ കണ്ടെത്തുക.

* ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു
* ഗണിതപാട്ടുകൾ പാടി 1മുതൽ 5വരെയുള്ള സംഖ്യകൾ ഉറപ്പിക്കുന്നു.
* സംഖ്യകൾ 1, 2, 3, 4, 5 എഴുതാൻ പരിശീലിപ്പിക്കുന്നു.

### ജൂലൈ - ആഗസ്റ്റ്

* സംഖ്യ റിബൺ പരിചയിപ്പിക്കുന്നു.
* സംഖ്യാകാർഡുകൾ വായിക്കുന്നു എഴുതുന്നു.
* നിത്യജീവിതത്തിലെ ഗണിതപരമായ സന്ദർഭങ്ങൾ രക്ഷിതാക്കൾക്ക് കാട്ടിക്കൊടുക്കുന്നു.

Eg: മൊബൈൽ ഫോൺ ലോക്ക് തുറന്ന് എത്ര നമ്പർ ഉണ്ടെന്നു പറയുന്നു.

# പൊതുലക്ഷ്യങ്ങൾ

ഭാഷ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക

ഗണിതം

* ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കഴിവുനേടുക

ഇംഗ്ലീഷ്

* Engage in Simple conversations
* Describe familiar objects orally
* Read and write simple sentence

പരിസരപഠനം

* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രാപ്തനാക്കുക.
* പ്രകൃതിയെ സ്നേഹിച്ചും സംരക്ഷിച്ചും ജീവിക്കുന്നതിന് പ്രാപ്തരാക്കുക.

കലാകായിക നിർമാണ പ്രവർത്തനങ്ങൾ

* കുട്ടികളെ സൂക്ഷ്മതയോടെയും വൃത്തിയായും കാര്യങ്ങൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക.

* നാടൻ കളികൾ കളിക്കുന്നു
* നിർദ്ദേശങ്ങൾ അനുസരിച്ച് കളിക്കുന്നു.
* [illegible] കളി ഉപകരണങ്ങൾ

## ENGLISH

AIM – Objectives

Learning outcomes

### June

* Simple words, Simple Sentence
* Engage in games
* Enact contexts or events individually or in groups

### July

* Reads conversations, songs and simple descriptions graphically.
* Engage in games.

### August

* Listen to teacher talks and show signs of understanding verbally and nonverbally
* Enact contexts or events individually

# ക്ലാസ് - 2

## ഭാഷ

ലക്ഷ്യം    ജൂൺ - സെപ്റ്റംബർ

ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖനമികവ് സർഗാത്മകതയുണർത്താം.

## പ്രവർത്തനം

എഴുത്തും കുത്തും ചെറു രചനയിലേക്ക് നയിക്കാം.

ചെറു വാക്യങ്ങൾ എഴുതാം

ചിത്രകഥ തയ്യാറാക്കാം

കേട്ട കഥകൾ സ്വന്തം വാക്യത്തിൽ എഴുതാം

സംയുക്ത ധ്വനി അമ്മയുടെ സഹായത്തോടെ എഴുതാം.

## ഇംഗ്ലീഷ്

June - september

Simple sentence

Engage in games

Read conversation and write theirown sentence.

Picture description

ഗണിതം

നിത്യ ജീവിതത്തിലെ ലളിതമായ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവുകൾ വളരുന്നു.

ജൂൺ - ഓഗസ്റ്റ്

അബാക്കസ് നിർധാരണം

സംഖ്യകൾ - 1-100 എഴുതാനുള്ള പരിശീലനം

സംഖ്യകാർഡുകൾ എഴുതുന്നു, തിരിച്ചറിയുന്നു.

പരിസര പഠനം

* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും

* ലളിത പരീക്ഷണങ്ങളിലേർപ്പെടൽ

* ചുറ്റുപാടുകളുള്ള സസ്യങ്ങളെ നിരീക്ഷിക്കൽ വേർതിരിക്കൽ

* കരയിലെ ജീവികൾ, വെള്ളത്തിലെ ജീവികൾ എന്നിങ്ങനെ തരംതിരിക്കൽ

* വീടുകൾ - തരംതിരിക്കൽ

# പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിതസംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത ഉത്തരങ്ങൾ ലഭിക്കും എന്ന തിരിച്ചറിവ്
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ.

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തനലക്ഷ്യം

* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജ്ഞാനം

* 1, 2, 3, 4 ....
  1, 3, 5, 7 ....
  10, 20, 30, 40 ...
  5, 10, 15, 20 ....
  2, 4, 6, 8, 10 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതക്കിറ്റ് എല്ലാ കുട്ടികളിലും ഉണ്ടാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

  (13 + 3 = 16    10 + 10 = 20)

## ആഗസ്റ്റ്

* പാറ്റേൺ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100
  100 ഒന്നുകൾ ചേർന്നാൽ 100

* ഒറ്റ ഇരട്ട സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

* ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വിലവിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ

## ഒക്ടോബർ

* രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ നിർമ്മിക്കൽ

(5, 10, 15, 20 .....)

[4, 8, 12, 16 . . . .)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (1, 10)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി-നോട്ടുകൾ പേപ്പർ മുതലായവ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

* 'ക്ലാസിനൊരുതട' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മാണം

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ
  വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
  പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
  പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിതാലാപനം (ഒന്ന് എന്ന് പാടുമ്പോൾ ...)
* ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ.

## മാർച്ച്

* Calendar പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്
  (മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ)
* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക

# INTRODUCTION

English language plays an important role in our lives as it helps in communication. It is the main language for studying any subject all over the world. English language skills depend upon four core skills. These skills are essential for learning the English language. That is listening skills, speaking skills, reading and writing skills. If students master these four skills then his English will automatically improve and gain confidence in presenting his skills.

# AIM

To speak, read and write English without any mistakes.

To develop listening skills and reading skills first.

· To develop speaking skills.

ക്ലാസ് : 3

പരിസരപഠനം.

ലക്ഷ്യം 1.

• പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
• ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൻപര്യവും വളർത്തുക

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം.<br>• ~~പ്ര~~ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• പ്രത്യേകതകൾ മനസിലാക്കാം.<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം. (ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും. |
| 2. | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം.<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>• വീടിൽ പൂന്തോട്ടം നിർമ്മിക്കൽ. |
| 3. | ജൂൺ - മാർച്ച്. | ഒരു തൈ നടാം.<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ.<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ. |
| 4. | ജൂൺ - | പോസ്റ്റർ നിർമ്മാണം.<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>പരിസരങ്ങളിൽ പതിക്കൽ. |

| | | |
|---|---|---|
| 5. | മാർച്ച്-മെയ്. | ദാഹജലം.<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം 2.
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No | മാസം | പ്രവർത്തനം. |
|---|---|---|
| 1. | ജൂൺ-മാർച്ച് | ദിനകൃത്യങ്ങൾ<br>. ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>. കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2. | ജൂലൈ-മാർച്ച് | നമ്പർ വൺ.<br>. ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>. വ്യക്തി ശുചിത്വം, ക്ലാസ്റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3. | ജൂൺ-ഡിസംബർ | പരിസരനടത്തം.<br>. നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം – സർവേ.<br>. മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. |
| 4. | ജൂലൈ-മാർച്ച്. | നല്ല ശീലം.<br>. പോസ്റ്ററുകൾ തയ്യാറാക്കാം.<br>. പരിസരങ്ങളിൽ പതിക്കാം. |

ലക്ഷ്യം. 3.
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| Sl.No. | മാസം. | പ്രവർത്തനം. |
|---|---|---|
| 1. | ജനുവരി–മാർച്ച്. | ഫീൽഡ് ട്രിപ്പ്.<br>. നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി, ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc) |
| 2. | ഡിസംബർ–ഫെബ്രുവരി | പരീക്ഷണങ്ങൾ<br>. ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3. | ഡിസംബർ–ഫെബ്രുവരി | . ക്യാമ്പ്.<br>. മികച്ച ശാസ്ത്രാധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4. | ജനുവരി–മാർച്ച്. | പക്ഷിനിരീക്ഷണം.<br>. ക്യാമ്പ്.<br>. പക്ഷി നിരീക്ഷണത്തിനവസരം. |

Subject: English Class: 3.

Learning objective . 1.
Listens to instructions and engage in activities

| Sl. No. | Activities | Duration |
|---|---|---|
| 1. | • Give more chance to hearing instructions based on the day to day life and class room<br>• Shows the pictures of action verbs.<br>• Performing actions by hearing instructions and commands. | June - December. |

Learning objective 2.
Describe the pictures.

| Sl. No. | Activities | Duration |
|---|---|---|
| | Picture description.<br>• The Teacher shows a picture<br>• Discussion<br>• The children talk about the picture<br>• Slow learners :- Gives opportunity to express their ideas in Malayalam. | June August. |

Learning objective 3.
Arrange words in alphabetical order.

| Sl. No. | Activities. | Duration |
|---|---|---|
| 1. | Dictionary.<br>• Introducing the dictionary<br>• Gives words<br>• Arranging words in alphabetical order. | July<br>March |

Learning objective 4.
Add more exchanges to conversation. suitable to the context.

| Sl. No. | Activities | Duration. |
|---|---|---|
| 1. | Conversation.<br>• Reading the conversation.<br>• Acting conversation with friends.<br>• Add more exchanges to the conversation.<br>• Slow learners :- Gives opportunity to express their idea in Malayalam. | July<br>March. |

Learning objective 5.
Identifies rhyming words from the poem.

| Sl.No | Activities | Duration |
|---|---|---|
| 1. | Rhyming words.<br>• Plays the audio of song.<br>• Let the learners sing after the audio.<br>• Discussion.<br>• Identifies rhyming words. | July - September |

Learning objective 6.
Add lines to a poem following a set pattern.

| Sl.No | Activities | Duration. |
|---|---|---|
| 1. | Add more lines.<br>• Plays the audio of song.<br>• Let the learner sing after the audio.<br>• Add lines to the poem. | July December. |

Learning objective 7.
Reads and understands the given stories and poems.

| Sl.No | Activities | Duration. |
|---|---|---|
| 1. | Let's read.<br>• Provides the opportunity to read simple stories and poems.<br>• They retell the story they read. | December March. |

Learning Objective 8.
Make simple riddles.

| Sl. No. | Activities | Duration |
|---|---|---|
| 1. | Riddles.<br>• Gives children the opportunity to hear and answer simple riddles.<br>• Make simple riddles.<br>• Slow learner:- Gives opportunity to express their idea in Malayalam. | August March. |

Learning objective 9.
Reading card making.

| Sl. No. | Activities | Duration |
|---|---|---|
| 1. | • Distribute simple and familiar pictures<br>• Give chances to talk about the pictures<br>• Findout the content<br>• Give more chances to use simple english words.<br>• Distribute the model of english reading cards.<br>• Reading cards making. | January - March |

ക്ലാസ്: 3 മലയാളം.

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങളെ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട് കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളേയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തീയേറ്റർ ഇടങ്ങിയ രീതിയിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം)

## മുന്നൊരുക്കങ്ങൾ

ജൂൺ - ജൂലൈ.

1. കനകച്ചിലങ്ക.
   - നാടൻ പാട്ടുകൾ ശേഖരണം.
   - പഴഞ്ചൊല്ലുകൾ ശേഖരണം.
   - കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം.
   - കടങ്കഥകൾ ശേഖരണം - കടങ്കഥപ്പാട്ടുകൾ - കടങ്കഥപ്പതിപ്പ് കടങ്കഥപ്പയറ്റ്.
   - കലയിലെ കേമൻ - കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം തയ്യാറാക്കൽ.

ആഗസ്റ്റ് - സെപ്തംബർ.

2. പലഹാരപ്പൊതി.

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കവിതകൾ ഒരുക്കി വയ്ക്കൽ
- റോൾ പ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ, മാതൃകകൾ
- ഹരിതകർമ്മ സേനാംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം.
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

ഒക്ടോബർ

മനുഷ്യന്റെ കൈകൾ.

- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം - പതിപ്പ്.
- നാടൻ പാട്ട് ശില്പശാല.

ക്ലാസ് : 3

ഗണിതം .

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്ത കൊണ്ടാണ് ഗണിത പഠനം എന്ന രീതിയിൽ ആണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് യുക്തി ചിന്ത , വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി പ്രയോജന പ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം പരിചയപ്പെട്ടിട്ടുണ്ട് . 2000 വരെയുള്ള സംഖ്യകൾ പറയുക , വായിക്കുക , എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു . രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന: ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ

എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. ന്യൂസ്‌പേപ്പർ, ടേപ്പ്, എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ചു പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണനവസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലൈ.

യൂണിറ്റ് 1. രൂപങ്ങൾ വരയ്ക്കാം.

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ; തോണി നിർമ്മാണം.
- വെണ്ടയ്ക്കയിൽ പ്രിന്റിംഗ്.
- ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വരച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മാണം.

ജൂലൈ, ആഗസ്റ്റ്

- ഓരോ കുട്ടിയും കണക്കുപെട്ടി, ഗണിത ശില്പശാല നിർമ്മിക്കേണ്ടത്.

1 മുതൽ 100 വരെ. എഴുതിയ ടോക്കൺ
കളി നോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം.
കമ്പ് കെട്ടുകൾ.
സംഖ്യാസ്ട്രിപ്പുകൾ

# Subject - English

Class : IV

## Aim

* Pronounce and read English words correctly
* Write English without any mistakes

## Duration

June to September

## June

To develop listening skills & reading skills

Listening skills - Activities

* Fill in the blank for english song lyrics [use ICT]
* Write what you hear
* Draw a story
* Games
* Hello English activities

Reading skills - Activities

* Picture reading
* Picture discription
* Self introduction
* Growing Sentences
* quiz riddles

## July & September

Reading skills - Activities

* Using reading Cards
* library books reading
* News paper reading
* Find words
* Text book activities

Writing skills - Activities

* Fill in the blanks with suitable words
* Word games
* Make word web
* Word chain
* Sentence chain
* Diary writing
* Letter writing
* Notice proclamation

# പരിസരപഠനം.

## ആമുഖം:

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ [illegible]ണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം അലിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക

## ലക്ഷ്യം.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വം, പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- പ്രകൃതി വിഭവ സംരക്ഷണം.

വിഷയം : പരിസരപഠനം

ക്ലാസ്സ് : IV

June - July

ലക്ഷ്യം

പരിസ്ഥിതി സൗഹാർദ മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുക.

പ്രവർത്തനങ്ങൾ June - July

⇒ പ്രകൃതി നടത്തം
* ചുറ്റുപാടിനെ നിരീക്ഷിക്കൽ
* ഓരോന്നിന്റെയും സാദൃശ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ
* വിവിധ ആവാസവ്യവസ്ഥയെ തിരിച്ചറിയാം.
* പ്രകൃതിക്ക് ദോഷങ്ങളുണ്ടാക്കുന്നവയെ അടുത്തറിയാം
* പ്രകൃതി സംരക്ഷണ മാർഗങ്ങൾ കണ്ടെത്താം.
* മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തിരിച്ചറിയാം.

⇒ പൂച്ചെടികൾ നടൽ
* വീട്ടിൽ വിവിധതരം ചെടികൾ നടുന്നു.
* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ
* വൃക്ഷത്തൈകൾ നടൽ, പരിപാലിക്കൽ
* പൂന്തോട്ടത്തിൽ വേനൽക്കാലം ആകുമ്പോൾ കിളികൾക്ക് ദാഹജലം നൽകൽ.
* ചെടികളുടെ സംരക്ഷണം ഏറ്റെടുത്ത് കൂടുതൽ മനോഹാരിത നൽകുന്ന പ്രവർത്തനത്തിലേർപ്പെടുന്നു.

## August - September

ലക്ഷ്യം

കേരളത്തിന്റെ തനതായ പൈതൃകം മനസ്സിലാക്കുന്നു. കേരള സംസ്കാരത്തിന്റെ വൈവിധ്യം തിരിച്ചറിയുന്നു.

### പ്രവർത്തനങ്ങൾ

* കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* കേരളത്തിലെ വിവിധ ആഘോഷങ്ങളെ തിരിച്ചറിയുന്നു.
* നാടിന്റെ തനിമയെ ഉണർത്തുന്ന നാടൻപാട്ടുകളുടെ ആവിഷ്കാരം
* കേരളത്തിന്റെ സംഗീത പാരമ്പര്യത്തെക്കുറിച്ച് തിരിച്ചറിയുന്നു.
* നാടൻ കളികൾ തിരിച്ചറിഞ്ഞ് അവയുടെ ആവിഷ്കാരം
* കളി ഉപകരണങ്ങളുടെ നിർമ്മാണം.

വിഷയം : ഗണിതം

ക്ലാസ്സ് : IV

June - September

ലക്ഷ്യം

* വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും കഴിയുന്നു.
* സംഖ്യാബോധം

## പ്രവർത്തനങ്ങൾ

1, സംഖ്യാബോധം - 1 -1000 വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും കഴിയുന്നു.
- വിവിധ സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കൽ
- ആരോഹണ ക്രമം, അവരോഹണ ക്രമം എന്നിവ തിരിച്ചറിഞ്ഞ് എഴുതുന്നു.

2, മൂന്നക്ക നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കൽ - കളിനോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങൾ ആക്കുന്നു.
- സംഖ്യാസൂര്യൻ പോലുള്ളവ ചെയ്യുന്നു.
- അബാക്കസ് ഉപയോഗിച്ചുള്ള ക്രമീകരണം.
- വിവിധ സംഖ്യാപാറ്റേണുകൾ നിർമ്മിക്കൽ